**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1736** **08-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യാത്രക്കാർക്ക് ട്രാവൽ കാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്** | | **Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | പതിവുയാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ട്രാവൽ കാർഡുകൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | (എ) | തിരുവനന്തപുരം സിറ്റി സർക്കുലർ സർവ്വീസുകൾ ആരംഭിക്കുന്ന മുറയ്ക്ക് യാത്രക്കാർക്ക് ഒരു നിശ്ചിത തുകയ്ക്ക് ഒരു ദിവസം മുഴുവനും യാത്ര ചെയ്യുവാൻ "ഗുഡ് ഡേ" കാർഡുകളും ക്യാഷ് ലെസ്സ് ട്രാൻസാക്ഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി ആകർഷകമായ ഡിസ്കൗണ്ട് നൽകിയും ബസ്സിൽ തന്നെ റീചാർജ്ജ് ചെയ്യാവുന്ന സ്മാർട്ട് ട്രാവൽ കാർഡുകളും ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ച് വരികയാണ്. ഈ പദ്ധതിയോടൊപ്പം എല്ലാ കെ.എസ്.ആർ.ടി.സി. ബസ്സുകളിലും പതിവ് യാത്രക്കാരെ ആകർഷിക്കുന്നതിനും സീസൺ ടിക്കറ്റ് മാതൃകയിൽ സ്മാർട്ട് ട്രാവൽ കാർഡുകൾ പ്രത്യേക ഡിസ്കൗണ്ട് നിരക്കിൽ വ്യാപകമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 5500 ETMകൾ വാങ്ങുന്നതിന് M/s Micro Fx Pvt. Ltd. എന്ന കമ്പനിയുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ടെൻഡർ കണ്ടിഷൻസ് പ്രകാരം ETM-കൾ തരുന്ന വെണ്ടർ, ട്രാവൽ കാർഡുകൾ KSRTCയുടെ ആവശ്യാനുസരണം ഫ്രീ ഓഫ് കോസ്റ്റ് ആയി നൽകേണ്ടതാണ്. |
| (ബി) | ആയതിലേക്ക് ഏന്തെങ്കിലും പഠനം നടത്തുകയോ ധാരണാപത്രം ഒപ്പിടുകയോ ചെയ്തിട്ടുണ്ടോ; | (ബി) | തിരുവനന്തപുരം സിറ്റി സർക്കുലർ സർവ്വീസുകൾ ആരംഭിക്കുന്ന മുറയ്ക്ക് യാത്രക്കാർക്ക് ഒരു നിശ്ചിത തുകയ്ക്ക് ഒരു ദിവസം മുഴുവനും യാത്ര ചെയ്യുവാൻ "ഗുഡ് ഡേ" കാർഡുകളും ക്യാഷ് ലെസ്സ് ട്രാൻസാക്ഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി ആകർഷകമായ ഡിസ്കൗണ്ട് നൽകിയും ബസ്സിൽ തന്നെ റീചാർജ്ജ് ചെയ്യാവുന്ന സ്മാർട്ട് ട്രാവൽ കാർഡുകളും ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ച് വരികയാണ്. ഈ പദ്ധതിയോടൊപ്പം എല്ലാ കെ.എസ്.ആർ.ടി.സി. ബസ്സുകളിലും പതിവ് യാത്രക്കാരെ ആകർഷിക്കുന്നതിനും സീസൺ ടിക്കറ്റ് |

| | | | |
|---|---|---|---|
| | | | മാതൃകയിൽ സ്മാർട്ട് ട്രാവൽ കാർഡുകൾ പ്രത്യേക ഡിസ്കൗണ്ട് നിരക്കിൽ വ്യാപകമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 5500 ETMകൾ വാങ്ങുന്നതിന് M/s Micro Fx Pvt. Ltd. എന്ന കമ്പനിയുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ടെൻഡർ കണ്ടിഷൻസ് പ്രകാരം ETM-കൾ തരുന്ന വെണ്ടർ, ട്രാവൽ കാർഡുകൾ KSRTCയുടെ ആവശ്യാനുസരണം ഫ്രീ ഓഫ് കോസ്റ്റ് ആയി നൽകേണ്ടതാണ്. |
| (സി) | ട്രാവൽ കാർഡുകൾ എത്ര രൂപയ്ക്കാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്നും എത്ര കാർഡുകൾ ആദ്യഘട്ടത്തിൽ ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | ട്രാവൽ കാർഡുകളുടെ എണ്ണം, വില എന്നിവ സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ഡി) | ട്രാവൽ കാർഡുകൾ കൂടി ഉപയോഗിക്കുന്ന തരത്തിലുള്ള ടിക്കറ്റിങ് മെഷീൻ വാങ്ങിയിട്ടുണ്ടോ; ഇതിനായി വരുന്ന ചെലവ് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | ഉണ്ട്. ടെൻഡർ കണ്ടീഷൻസ് പ്രകാരം ETM-കൾ തരുന്ന വെണ്ടർ ട്രാവൽ കാർഡുകൾ KSRTC-യുടെ ആവശ്യാനുസരണം ഫ്രീ ഓഫ് കോസ്റ്റ് ആയി നൽകേണ്ടതാണ്. |
| (ഇ) | ട്രാവൽ കാർഡുകൾ സംസ്ഥാന വ്യാപകമായി പരമാവധി പ്രചരിപ്പിക്കുന്നതിന് ആകർഷണീയമായ പാക്കേജുകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ട്രാവൽ കാർഡുകൾ സംസ്ഥാന വ്യാപകമായി പരമാവധി പ്രചരിപ്പിക്കുന്നതിന് ആകർഷണീയമായ പാക്കേജുകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ